പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1722

14.12.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്ക് മുച്ചക്രവാഹനം

ചോദ്യം

ശ്രീ. എസ്.ശർമ്മ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശാരീരിക വൈകല്യം അനുഭവിക്കുന്ന വർക്ക് മുച്ചക്ര വാഹനം അനുവദിക്കുന്നതിന് ഉള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) മുച്ചക്ര വാഹനം ആവശ്യമാണെന്ന് കാണിച്ച് സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരം വാർഷികവരുമാനം 72,000/- രൂപയിൽ കവിയാത്ത വികലാംഗർക്കാണ് സൗജന്യമായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുച്ചക്ര വാഹനം വിതരണം ചെയ്യുന്നത്. |
| (ബി) എറണാകുളം ജില്ലയിൽ ഈ ആവശ്യത്തിനായി സമർപ്പിച്ച അപേക്ഷകൾ എത്രയെന്നും എത്ര പേർക്ക് മുച്ചക്ര വാഹനം വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ ? | (ബി) ലഭ്യമായ കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ അതായത് 2008-09 മുതൽ ഇതുവരെ എറണാകുളം ജില്ലയിൽ നിന്നും മുച്ചക്ര വാഹനത്തിന് 57 അപേക്ഷകൾ ലഭിച്ചതിൽ 44 പേർക്ക് മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 13 അപേക്ഷകർക്ക് എറണാകുളം റീജിയണൽ ഓഫീസിൽ നിന്നും മുച്ചക്ര വാഹനം കൈപ്പറ്റുവാനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. 2008-2009 ന് മുൻപ് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ